III. ശ്രദ്ധക്ഷണിക്കൽ

കല്ലട ഇറിഗേഷൻ പദ്ധതി പൂർത്തിയായാലുണ്ടാകുന്ന ഗുരുതരാവസ്ഥ

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, കല്ലട ഇറിഗേഷൻ പദ്ധതിയുടെ പ്രാരംഭഘട്ടം ആറുമാസത്തിനകം പൂർത്തിയാകുമെന്നാണ് ഔദ്യോഗികവൃത്തങ്ങളിൽനിന്നും വ്യക്തമാകുന്നത്. ആദ്യത്തെ ഘട്ടമായ വലതുകനാൽ ഏതാനും മാസങ്ങൾക്കകം കമ്മീഷൻ ചെയ്യും. സർ, നമ്മുടെ ഗവൺമെൻറിനും ജലസേചനവകുപ്പിനുമൊക്കെ അഭിമാനിക്കാൻ കഴിയുന്ന ഒരു കാര്യമാണിത്. എന്നാൽ ഗുരുതരമായ മറ്റൊരു പ്രധാന പ്രശ്നം ഗവൺമെൻറിന്റെ സത്വരമായ പരിഗണനയ്ക്കും തീരുമാനത്തിനും വിധേയമാകേണ്ടിയിരിക്കുന്നു. വളംകുന്ന്, മാമൂട്, കുറവൻകോട്, മാധവൻകോണം തുടങ്ങിയ പ്രദേശങ്ങൾ ഈ വലതുകനാൽ കമ്മീഷൻചെയ്യുന്നതോടുകൂടി വെള്ളത്തിലാകും. ഈ നാലുപ്രദേശങ്ങളിൽ താമസിക്കുന്ന 250-ൽപരം കുടുംബങ്ങൾ വെള്ളം കയറുന്നതിന്റെ ഫലമായി അവിടെനിന്നും ഒഴിയേണ്ടിവരും. അതിൽ പത്തൻപതു കുടുംബങ്ങൾ കഴിഞ്ഞ അമ്പത് സംവൽസരക്കാലമായി അവിടെ താമസിച്ചുവരുന്നവരാണ്. കുത്തകപ്പാട്ടവ്യവസ്ഥയിൽ അവിടെ താമസിച്ച് നല്ല നിലങ്ങളുണ്ടാക്കി. നല്ല ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് താമസിക്കുന്ന കൃഷിക്കാരും പത്തു പതിനഞ്ചുവർഷക്കാലമായി താമസിക്കുന്ന കർഷകരും ഉണ്ട്. ഈ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായിട്ടുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനുംവേണ്ടിയുള്ള ചില ചർച്ചകളൊക്കെ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇതിനൊക്കെ പെട്ടെന്ന് പരിഹാരം കാണാനുള്ള സത്വരനടപടി ഈ ചർച്ചയുടെ വെളിച്ചത്തിൽ, ധാരണയ്ക്കും തീരുമാനത്തിനും അനുസരണമായി ഉണ്ടായില്ലെന്നുപറയാൻ എനിക്ക് മടിയില്ല.

സർ, രണ്ടു പ്രധാന പ്രശ്നം ഗവൺമെൻറ് സത്വരമായി പരിഹരിക്കേണ്ടതായിരുന്നു. ഒന്ന് ഈ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കണം. രണ്ട് അവർക്ക് ആവശ്യവും നിയമാനുസൃതവും അർഹവുമായിട്ടുള്ള, കീഴ് നടപ്പുകൾക്ക് വിധേയമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണം. അതു പെട്ടെന്നുതന്നെ നടപ്പിലായില്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കാൻ പ്രയാസമാണ്. സർ, ഇന്ന് ഈ ഗവൺമെൻറ് വിളിച്ചുകൂട്ടിയ ചർച്ചാവേളയിൽ ഒന്നുരണ്ടു പ്രധാന പ്രശ്നങ്ങൾ കുടികിടപ്പുകാരുടെ സംഘടനാനേതാക്കൻമാരും പൊതുജനപ്രതിനിധികളുമൊക്കെ ഉന്നയിക്കുകയുണ്ടായി. അതിൽ കുളത്തൂപ്പുഴ വില്ലേജിൽ ധാരാളം ഭൂമി അവർക്ക് കൊടുക്കാൻ കഴിയും. എണ്ണപ്പന പ്ലാൻറേഷനുവേണ്ടി പതിനായിരം ഏക്കർ സ്ഥലം അവർ വെട്ടിത്തെളിക്കുന്നുണ്ട്. അതുകൊണ്ട് 250-ൽപരം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള സ്ഥലം ആ വില്ലേജിൽ കൊടുക്കാൻ കഴിയും. അവരെ വളരെയധികം ദൂരസ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. കുളത്തൂപ്പുഴ വില്ലേജുമായി ബന്ധപ്പെട്ട, അവിടത്തെ തൊഴിലുടമയുമായി ബന്ധപ്പെട്ടു കഴിയുന്ന കുടുംബങ്ങൾക്ക് വളരെ ദൂരെ എവിടെയെങ്കിലും ഭൂമി കൊടുത്തതുകൊണ്ട് കാര്യമായില്ല. കുളത്തൂപ്പുഴ വില്ലേജിൽത്തന്നെ കൊടുക്കണം. അതുപോലെതന്നെ കഴിഞ്ഞ പത്തൻപതുവർഷക്കാലമായി താമസിക്കുന്ന സ്ഥലത്തെ ഹോണ്ഡത്തിന് അർഹമായിട്ടുള്ള എല്ലാ നഷ്ടപരിഹാരങ്ങളും കൊടുക്കാൻ കഴിയണം. ഈ രണ്ടുപ്രശ്നങ്ങൾക്കും സത്വരമായി

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവർക്ക് ത്വരിതഗതിയിൽ സംരക്ഷണം നൽകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം.കെ. രാഘവൻ): സർ, കല്ലട ജലസേചനപദ്ധതിയുടെ ഭാഗികമായ ഉൽഘാടനം അടുത്ത വർഷം ജൂൺ അവസാനത്തിൽ നടത്തണമെന്നാണ് പരിപാടിയിട്ടിരിക്കുന്നത്. അതനുസരിച്ച് ജോലികളും തീർന്നുകൊണ്ടിരിക്കുകയാണ്. അങ്ങിനെ ഭാഗികമായിട്ട് നടപ്പിൽ വരുമ്പോഴേ വെള്ളംകെട്ടിനിൽക്കാൻ ഇടവരുന്ന സ്ഥലത്തെ 277 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ടതായിട്ടുണ്ട്. ആ 277 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച് തീർച്ചപ്പെടുത്തുകയും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുള്ളതുമാണ്. സർ, ഇതിനകംതന്നെ വളരെയേറെ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഇത് വളരെ സത്വരമായ നടപടിക്ക് വിധേയമാക്കുന്നതിന് മന്ത്രി തന്നെ രണ്ടുപ്രാവശ്യം സ്ഥലത്തുപോവുകയും അവിടെ അധിവസിക്കുന്ന ആളുകളെ നേരിട്ട് കാണുകയും അത് കമ്മീഷൻ ചെയ്യുന്നതിനുമുമ്പുതന്നെ അവരെ മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടിയും എടുത്തുകഴിഞ്ഞതാണ്. അതിവർഷം മൂലം അവിടെ വെള്ളം കെട്ടിക്കിടക്കാൻ ഇടവന്നാൽ തൽക്കാലം താമസിപ്പിക്കുന്നതിനുപോലും ഉള്ള ഇടപാടുകളും ചെയ്തിരിക്കുകയാണ്, അതുകൊണ്ട് അടുത്ത ജൂൺമാസത്തിനുമുൻപായി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള എല്ലാ ഇടപാടുകളും പൂർത്തിയാകും എന്നുള്ളതിന് സംശയമില്ല. കുളത്തൂപ്പുഴ ഹൈസ്കൂളിന് സമീപമുള്ള കല്ലുവെട്ടാൻകുഴിയെന്നു പറയുന്ന സ്ഥലത്ത് 317 ഏക്കർ സ്ഥലമാണ് ഇവർക്ക് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ 243 പേർക്ക് ഒരേക്കറിൽ കുറഞ്ഞ സ്ഥലം കൈവശമുള്ളവരാണ്. 27 പേർ മാത്രമാണ് ഒരേക്കർ ഉള്ളവർ. 13 പേർക്കുമാത്രമാണ് 3 ഏക്കറും അതിൽ കൂടുതലും ഉള്ളത്, ഒരേക്കറിൽ താഴെയുള്ളവർക്ക് ഒരേക്കറും അതിന് മുകളിലുള്ളവർക്ക് ഒരേക്കർ മുതൽ മൂന്നേക്കർവരെ പരമാവധി കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് മെമ്പറുടെ ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടെന്നുള്ള വിശ്വാസം ഞങ്ങൾക്ക് ഇല്ല. എല്ലാ നടപടികളും തുടങ്ങുന്നതിനുമുമ്പായി അവരെ പുനരധിവസിപ്പിക്കാൻ സാധിക്കുന്നതാണ്.

IV. മേശപ്പുറത്തു വച്ച കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1979 ജൂൺ 5-ാംതീയതിയിലെ ജി.ഒ. (പി) നമ്പർ 321/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 677/79).

(2) 1979 ഏപ്രിൽ 12-ാം തീയതിയിലെ ജി. ഒ. (എം.എസ്.) നമ്പർ 252/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 522/79).

(3) 1979 ജൂലായ് 5-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 367/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 821/79).

LIBRARY ARCHIVES Kerala Legislative Assembly